(ബി) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്. 17644-ഓളം അപേക്ഷകൾ ലഭ്യമായതിൽ 10067-ഓളം അപേക്ഷകളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

(സി) ഭവനരഹിതരായവരെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനും അടിയന്തര ധനസഹായം അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര തുക

136 (1166) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര തുക ഉയർത്താനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ ; ഉത്തരവുകൾ ലഭ്യമാക്കാമോ ?

ഉത്തരം

പ്രകൃതി ദുരന്തത്തിൽ നഷ്ടം സംഭവിച്ചവർക്കുള്ള ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കാലാനുസൃതമായി കേന്ദ്ര സർക്കാർ ആണ് പുറപ്പെടുവിക്കുന്നത്. അതനുസരിച്ചുള്ള പുതിയ കേരള സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

താലൂക്ക് രൂപീകരണം

137 (1169) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ബി) പത്ത് ഗ്രാമപഞ്ചായത്തുകളും രണ്ട് ബ്ലോക്ക് പഞ്ചായത്തുകളും ഉൾപ്പെടുന്നതെന്മാറ നിയോജകമണ്ഡലത്തിൽ പുതിയ താലൂക്ക് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ ഇതിനായി ഏതെങ്കിലും തരത്തിലുള്ള സർവ്വെ നടത്തിയിട്ടുണ്ടോ : എങ്കിൽ വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly